# നീര ചെത്ത് തൊഴിലാളികൾക്ക് ഭീഷണിയല്ല : മന്ത്രി കെ ബാബു



നീര നിർമാണ പ്ലാന്റ് ഉദ്ഘാടനം മന്ത്രി കെ.ബാബു നിർവഹിക്കുന്നു

**കൊല്ലം:** തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കുന്നതോടെ ചെത്ത് തൊഴിലാളികൾക്ക് ജോലി നഷ്ടമാവുമെന്ന പ്രചരണം ശരിയല്ലെന്നും ചെത്ത് തൊഴിലാളികൾക്ക് ദോഷമുണ്ടാക്കുന്ന യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകില്ലെന്നും മന്ത്രി കെ.ബാബു പറഞ്ഞു. കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ചെത്താൻ ലൈസൻസ് നൽകുന്നില്ലെന്ന പ്രചരണത്തിന് അടിസ്ഥാനമില്ല. തെങ്ങ് മാർക്ക് ചെയ്യുന്ന നടപടി വളരെ കുറച്ച് ജില്ലകളിൽ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഇത് എക്സൈസ് വകുപ്പിന്റെ വീഴ്ചയായി ചിത്രീകരിക്കുന്നത് ശരിയല്ലെന്നും മന്ത്രി പറഞ്ഞു. കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊടിക്കുന്നിൽ സുരേഷ് എംപി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മന്ത്രി ഷിബു ബേബി ജോൺ ലോഗോ പ്രകാശനം ചെയ്തു. എൻ.കെ.പ്രേമചന്ദ്രൻ എംപി, ഹോർട്ടികോർപ്പ് ചെയർമാൻ ലാൽവർഗീസ് കൽപ്പകവാടി തുടങ്ങിയവർ സംസാരിച്ചു.